File No.SCSTDD-PM1/242/2019-SCSTDD

11 JUL 2019

(13)

# GOVERNMENT OF KERALA

## Abstract

SCSTDD- Mahatma Gandhi National Rural Employment Scheme- Tribal Plus- Administrative Sanction - Orders issued.

## SCHEDULED CASTE SCHEDULED TRIBES DEVELOPMENT (PM)DEPARTMENT

**G.O.(Rt)No.644/2019/SCSTD Dated,Thiruvananthapuram, 05/07/2019**

Read Letter No. PM3/6208/19 Dated 04-06-2019 from the Director, Scheduled Tribes Development Department

## ORDER

The Director, Scheduled Tribes Development Department as per the letter referred to above submitted proposal for the implementation of Mahatma Gandhi National Rural Employment Scheme-"Tribal Plus" at a total cost of Rs.37,55,40,960/-. State Govt, under State Plan, provides funds for generating additional 100 days of employment under MGNREGA, for Scheduled Tribes.

Government have examined the matter in detail and are pleased to accord Administrative sanction for the implementation of Mahatma Gandhi National Rural Employment Scheme-"Tribal Plus" at a total cost of Rs.37,55,40,960/-. The expenditure in this regard will be met from the Head of Account 2225-02-102-85 during the financial year 2019-20.

The Details regarding the Mahatma Gandhi National Rural Employment Scheme-"Tribal Plus" is appended as Annexure.

(By order of the Governor)
**RAJESH KUMAR M**
**JOINT SECRETARY**

The Director, Scheduled Tribes Development Department
Thiruvananthapuram
The Principal Accountant General (Social &General Sector), Kerala
Thiruvananthapuram
The Principal Accountant General( Economic &Revenue Sector), Kerala

Thiruvanathapuram

The Local Self Government Department

The Finance Department

The Planning and Economic Affairs Department

The Chief Decentralized Planning Division, State Planning Board

The Information Officer, Web&New Media, I&PRD,Govt. Secretariat, Thiruvananthapuram

Stock File/Office Copy

Forwarded /By order

Section Officer

# പട്ടികവർഗ്ഗ വികസന വകുപ്പ്

## മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കേരള ട്രൈബൽ പ്ലസ്

MGNREGS പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്നതിന് 'കേരള ട്രൈബൽ പ്ലസ്' എന്ന പദ്ധതി പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നു. ടി പദ്ധതി വഴി പട്ടികവർഗ്ഗക്കാർക്ക് 200 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിലൂടെ അവരുടെ സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ ഒരു ഘടകമാണിത്. തൊഴിൽ രഹിതരായവർ, തൊഴിൽ ചെയ്യാൻ സന്നദ്ധരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കായിട്ടാണ് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുക. MGNREGS ൽ 100 തൊഴിൽ ദിനം പൂർത്തീകരിച്ച കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളും കേരള ട്രൈബൽ പ്ലസ് സ്കീമിൽ ഉൾപ്പെടുത്തുന്നു. 2011 ലെ സെൻസസ് പ്രകാരം 115630 പട്ടികവർഗ്ഗ കുടുംബങ്ങൾ ഗ്രാമ പ്രദേശങ്ങളിൽ അധിവസിക്കുന്നു. ഇതിൽ 91998 കുടുംബങ്ങൾക്ക് ജോബ് കാർഡ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വർഷം | തൊഴിൽ നൽകിയ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ എണ്ണം | പട്ടിക വർഗ്ഗക്കാർക്ക് അനുവദിച്ച തൊഴിൽ ദിനങ്ങൾ | പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച തൊഴിൽ ദിനങ്ങൾ(%) |
|---|---|---|---|---|
| 1 | 2013-14 | 41789 | 2541560 | 2.93 |
| 2 | 2014-15 | 43977 | 2286102 | 3.88 |
| 3 | 2015-16 | 49647 | 2917127 | 3.93 |
| 4 | 2016-17 | 54608 | 3063451 | 4.47 |
| 5 | 2017-18 | 56105 | 3005299 | 4.85 |
| 6 | 2018-19 | 68420 | 5419122 | 5.6 |

സവിശേഷത

- MGNREGS ൽ 100 തൊഴിൽ ദിനം പൂർത്തീകരിച്ച കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളും കേരള ട്രൈബൽ പ്ലസ് സ്കീമിൽ ഉൾപ്പെടുത്തുന്നു.
- നടപ്പു സാമ്പത്തികവർഷത്തിൽ 100 തൊഴിൽ ദിനങ്ങൾക്കുള്ള ചെലവുകൾ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. അധികമായി വരുന്ന (100 മുതൽ 200 ദിനം വരെ) ചെലവുകൾ കേരള സർക്കാർ വഹിക്കുന്നതായിരിക്കും. (പട്ടികവർഗ്ഗ വികസന വകുപ്പ്).
- സ്ത്രീ പുരുഷഭേദ മന്യേ തൊഴിൽദായകർക്ക് തുല്യ അവകാശവും തുല്യ വേതനവും ലഭിക്കുന്നു.
- അധിക ദിനങ്ങൾക്കുള്ള വേതന നിരക്കിൽ മാറ്റമുണ്ടായിരിക്കുന്നതല്ല.

2. സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ
    - ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ
    - പഴ കൃഷി, പട്ടുനൂൽ കൃഷി, തോട്ടവിളകൃഷി, ഫാം ഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ.
    - തരിശ് ഭൂമി/ പാഴ്ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ
    - ഐ.എ.വൈ പ്രകാരമോ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം.
    - മൃഗ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ,
    - മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പ്രവൃത്തികൾ.
3. സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ.
    - കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ
    - സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം.
4. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ
    - ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തികൾ.
    - ഗ്രാമീണ റോഡുകളുടെ നിർമ്മാണം
    - കളിസ്ഥലങ്ങളുടെ നിർമ്മാണം.
    - പൊതു അടിസ്ഥാന സൗകര്യങ്ങൾ,റോഡുകളുടെ പുനരുദ്ധാരണം,ദുരന്ത പ്രതിരോധ തയ്യാറെടുപ്പുകൾ.
    - അങ്കണവാടി കേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ, എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം.
    - MGNREGS പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം
    - MGNREGS പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റ പണികൾ.
    - ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

തൊഴിലുറപ്പ് നിയമം പട്ടിക 1 ഖണ്ഡിക '9' ലെ വ്യവസ്ഥകൾക്കനുസരിച്ചുള്ള പ്രദേശത്തിന്റെ സാധ്യത, പ്രദേശത്തിന്റെ ആവശ്യകത, പ്രദേശിക വിഭവങ്ങളുടെ ലഭ്യത എന്നിവയ്ക്കനുസൃതമായി ഗ്രാമസഭാ യോഗങ്ങൾ തീരുമാനിക്കുന്ന മുൻഗണനാ ക്രമമനുസരിച്ചുമായിരിക്കണം ഗ്രാമപഞ്ചായത്തുകളുടെ പ്രവൃത്തി നിശ്ചയിക്കേണ്ടത്.

- കേരള ട്രൈബൽ പ്ലസിന്റെ പൂർണ്ണമായ നടത്തിപ്പ് ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കും.
- MGNREGS മിഷൻ ഡയറക്ടർ സംസ്ഥാനതലത്തിൽ പ്രോഗ്രാം കോ-ഓർഡിനേറ്ററായിരിക്കും.
- ജില്ലാതലത്തിൽ ജില്ലാ കളക്ടർമാരും ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരും പദ്ധതിയുടെ രൂപീകരണം, നടത്തിപ്പ്, വിലയിരുത്തലുകൾ എന്നിവ നടത്തുന്നതാണ്.
- പഞ്ചായത്ത്തലത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി രജിസ്ട്രേഷൻ ഓഫീസറായും അസ്സിസ്റ്റന്റ് സെക്രട്ടറി രജിസ്ട്രേഷൻ ഓഫീസറെ അസ്സിസ്റ്റ് ചെയ്യുന്നതുമാണ്.
- കേരളത്തിലെ എല്ലാ പട്ടികവർഗ്ഗക്കാരുടെയും ഊരുകൾ കേന്ദ്രീകരിച്ച് അവർക്ക് 100 തൊഴിൽലുറപ്പു ദിനങ്ങൾക്കധികമായി വരുന്ന ദിനങ്ങൾക്കും വേതനം ലഭിക്കാൻ അർഹതയുണ്ടെന്ന വിവരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രോജക്ട് ഓഫീസർമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, ട്രൈബൽ പ്രൊമോട്ടർമാർ എന്നിവരുടെ സഹായത്തോടെ പട്ടികവർഗ്ഗക്കാർക്ക് അവബോധം സൃഷ്ടിക്കുന്നു.
- അധിക തൊഴിൽ ദിനങ്ങൾക്കായി വരുന്ന മുഴുവൻ ചെലവുകളും പട്ടികവർഗ്ഗ വികസന വകുപ്പ് വഹിക്കുന്നതായിരിക്കും. 2017-18 സാമ്പത്തികവർഷത്തിൽ കേരളത്തിൽ 10000 പട്ടികവർഗ്ഗ കുടുംബങ്ങൾ 200 തൊഴിൽദിനങ്ങൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- പ്രസ്തുത തുക പട്ടികവർഗ്ഗ വികസന വകുപ്പ് എം.ജി.എൻ.ആർ.ജി.എസ് സ്റ്റേറ്റ് എംപ്ലോയ്മെന്റ് ഗാരന്റി ഫണ്ടിൽ ഒരു സ്പെഷ്യൽ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതായിരിക്കും.
- 2019-20 സാമ്പത്തിക വർഷം പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ടും ജില്ലാ കളക്ടർ (ഡിസ്ട്രിക്ട് പ്രോഗ്രാം കൊ-ഓഡിനേറ്റർ) തയ്യാറാക്കി എം.ജി.എൻ.ആർ.ജി.എസ് സ്റ്റേറ്റ് മിഷന് സമർപ്പിക്കേണ്ടതാണ്. ഡി.പി.സി സമർപ്പിക്കുന്ന പ്രൊപ്പോസൽ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റി (പുതുതായി രൂപീകരിക്കേണ്ടത്) അംഗീകരിക്കുന്നതാണ്. താഴെപറയുന്ന അംഗങ്ങളെയാണ് ടി കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. പ്രിൻസിപ്പൽ സെക്രട്ടറി (പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ്)-ചെയർ പേഴ്സൺ.
2. പ്രിൻസിപ്പൽ സെക്രട്ടറി (ലോക്കൽ സെൽഫ് ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റ്)-മെമ്പർ സെക്രട്ടറി.
3. പ്രിൻസിപ്പൽ സെക്രട്ടറി (പട്ടികവർഗ്ഗ വികസന വകുപ്പ്)- മെമ്പർ
4. പ്രിൻസിപ്പൽ സെക്രട്ടറി (ഫിനാൻസ് എക്സ്പെന്റിച്ചർ)- മെമ്പർ
5. പ്രിൻസിപ്പൽ സെക്രട്ടറി (ഫോറസ്റ്റ് ആന്റ് വൈൽഡ്ലൈഫ്)- മെമ്പർ

6. അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ- മെമ്പർ
7. ഡയറക്ടർ (പട്ടികവർഗ്ഗ വികസന വകുപ്പ്)- മെമ്പർ
8. കമ്മീഷണർ ഓഫ് റൂറൽ ഡവലപ്പ്മെന്റ്- മെമ്പർ
9. മിഷൻ ഡയറക്ടർ (MGNREGA സ്റ്റേറ്റ് മിഷൻ) - കൺവീനർ,

ട്രൈബൽ ലേബർ ഗ്രൂപ്പിന്റെ രൂപീകരണത്തിലൂടെ കേരളത്തിലെ പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനും, കാർഷിക മേഖലകളുടെ വികസനം, പോഷകാഹാരം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകി, പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുവാൻ സാധിക്കുന്നതാണ്.

കേരള ട്രൈബൽ പ്ലസ്സിന്റെ ധനസമാഹരണം. (2019-20)

| | |
|---|---|
| പ്രതീക്ഷിത തൊഴിൽ ദിനങ്ങൾ (150 ൽ കൂടുതൽ) | 23096 |
| ഓരോ കുടുംബത്തിനും നൽകുന്ന ശരാശരി തൊഴിൽ ദിനങ്ങൾ | 60 |
| പ്രതീക്ഷിത തൊഴിൽ ദിനങ്ങൾ *(23096X 60)* | 1385760 |
| വ്യക്തിഗത ദിവസവേതനം | 271 |
| ആകെ ചെലവ് *(1385760 X 271)* | 37,55,40,960 |